

# സാമൂഹിക സമ്പർക്ക മാദ്ധ്യമങ്ങളുടെ ഉപയോഗത്തെപ്പറ്റി രണ്ടാം വത്തിക്കാൻ കൗൺസിലിന്റെയും കാനൻ നിയമത്തിലെയും പഠനങ്ങൾ: ഒരു അപഗ്രഥനം

**ഡോ. ജെയിംസ് മാത്യു പാമ്പാറ** സി.എം.ഐ

## 1. ആമുഖം

"സാമൂഹിക സമ്പർക്ക മാദ്ധ്യമങ്ങളുടെ ഉപയോഗത്തെപ്പറ്റി രണ്ടാം വത്തിക്കാൻ കൗൺസിലിന്റെയും കാനൻ നിയമത്തിലെയും പഠനങ്ങൾ: ഒരു അപഗ്രഥനം" എന്ന പേരിൽ *കർമ്മല കുസുമ*ത്തിന്റെ മുൻലക്കത്തിൽ (പുസ്തകം 121, ലക്കം 7, 2023 ജൂലൈ, പേജുകൾ 32 –35) പ്രസിദ്ധീകരിച്ച ലേഖനത്തിന്റെ തുടർച്ചയാണ് ഈ ലേഖനം. മുൻലക്കത്തിലെ ലേഖനം അപഗ്രഥിച്ചത് രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ *ഇന്തർ മിരിഫിക്ക* (*Inter Mirifica*) എന്ന പ്രമാണ രേഖയായിരുന്നുവെങ്കിൽ ഈ ലേഖനത്തിന്റെ പ്രതിപാദ്യ വിഷയം, പ്രസ്തുത പ്രമാണ രേഖയെ അടിസ്ഥാനമാക്കി പൗരസ്ത്യ കാനോന സംഹിതയിൽ ചേർത്തിട്ടുള്ള കാനോനകളാണ്.

പൗരസ്ത്യ കാനോനസംഹിതയിലെ പതിനഞ്ചാം ശീർഷകം സഭയുടെ പ്രബോധനാധികാരത്തെപ്പറ്റിയാണ്. പഠിപ്പിക്കുക, ഭരിക്കുക, വിശുദ്ധീകരിക്കുക എന്നിങ്ങനെയുള്ള തിരുസഭയുടെ ത്രിവിധ അധികാരത്തെയും കടമയെയും കുറിച്ച് ലത്തീൻ സഭയുടെ കാനൻനിയമത്തിലെന്നപോലെ പൗരസ്ത്യ കാനോന സംഹിതയിലും പ്രതിപാദിക്കുന്നുണ്ടെങ്കിലും അവ അവതരിപ്പിച്ചിരിക്കുന്ന രീതി തുലോം വ്യത്യസ്തമെന്ന് ആമുഖമായി പറയേണ്ടിയിരിക്കുന്നു. കാരണം, പൗരസ്ത്യ ദൈവശാസ്ത്രവീക്ഷണമനുസരിച്ച് വിശുദ്ധ കുർബാനയർപ്പണത്തിലും മറ്റു കൂദാശാപരികർമ്മങ്ങളിലും വിശുദ്ധീകരണ കർമ്മം മാത്രമല്ല നടക്കുന്നത്; പ്രത്യുത പഠിപ്പിക്കുക എന്ന ദൗത്യവും അടങ്ങിയിരിക്കുന്നു. അതുപോലെ

തന്നെ, വചനപ്രഘോഷണത്തിൽ പഠിപ്പിക്കൽ പ്രക്രിയ മാത്രമല്ല അടങ്ങിയിരിക്കുന്നത്; പ്രത്യുത അത് വിശുദ്ധീകരിക്കുന്നതുമാണ്.

പൗരസ്ത്യ കാനോനസംഹിതയിലെ പതിനഞ്ചാം ശീർഷകത്തിലെ നാലാം അധ്യായത്തിന്റെ തലക്കെട്ട് "സാമൂഹിക സമ്പർക്ക മാധ്യമങ്ങൾ, പ്രത്യേകിച്ച് പുസ്തകങ്ങൾ" എന്നാണ്. ഈ അധ്യായത്തിൽ 651 മുതൽ 666 വരെയുള്ള കാനോനകളാണ് കാണപ്പെടുന്നത്.

**2. സുവിശേഷപ്രഘോഷണ ദൗത്യത്തിന് സാമൂഹിക സമ്പർക്ക മാധ്യമങ്ങൾ ഉപയോഗിക്കുവാൻ സഭയ്ക്ക് അവകാശമുണ്ട്**

പൗരസ്ത്യ കാനോനസംഹിതയിലെ 651-ാം കാനോന ഇങ്ങനെ അനുശാസിക്കുന്നു: "§1. സുവിശേഷം എല്ലായിടത്തും അറിയിക്കുന്നതിനുള്ള ദൗത്യം പൂർത്തിയാക്കുന്നതിന് സഭ ഉചിതമായ മാർഗ്ഗങ്ങൾ ഉപയോഗപ്പെടുത്തേണ്ടതാണ്. അതിനാൽ സാമൂഹിക സമ്പർക്ക മാധ്യമങ്ങൾ ഉപയോഗിക്കുന്നതിനും പ്രത്യേകിച്ച് സ്വതന്ത്രമായ പ്രസിദ്ധീകരണം നടത്തുന്നതിനുള്ള അവകാശം എല്ലായിടത്തും അംഗീകരിക്കപ്പെടേണ്ടതാണ്. §2. സഭയുടെ ഈ വലിയ ദൗത്യത്തിൽ എല്ലാ ക്രൈസ്തവ വിശ്വാസികളും സഹകരിക്കുകയും ഈ ദൗത്യനിർവഹണത്തിനായുള്ള സംരംഭങ്ങളെ പിന്താങ്ങുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യേണ്ടതാണ്. കൂടാതെ സമ്പർക്ക മാധ്യമങ്ങളുടെ നിർമ്മാണ-പ്രക്ഷേപണ രംഗങ്ങളിലുള്ളവർ, പ്രത്യേകിച്ചും വിദഗ്ധർ മെത്രാന്മാരുടെ അജപാലനപ്രവർത്തനത്തിൽ താല്പര്യപൂർവം സഹായം നൽകേണ്ടതും മാധ്യമങ്ങളുടെ ഉപയോഗം ക്രിസ്തുവിന്റെ ചൈതന്യത്താൽ നിറഞ്ഞതാക്കിത്തീർക്കുവാൻ തീക്ഷ്ണതാപൂർവം ശ്രമിക്കേണ്ടതുമാണ്." രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ മാധ്യമ സംബന്ധിയായ *ഇന്തർ മിരിഫിക്ക* (*Inter Mirifica*) യുടെ മൂന്നാം നമ്പറിനെ ആധാരമാക്കി രൂപപ്പെടുത്തിയിരിക്കുന്നതാണ് ഈ കാനോന.

തിരുസഭയുടെ ഏറ്റവും പ്രധാനപ്പെട്ട ദൗത്യങ്ങളിലൊന്നാണ് സുവിശേഷപ്രഘോഷണം. ആദിമസഭയുടെ കാലഘട്ടത്തിൽ ഈ സുവിശേഷപ്രഘോഷണം സാധ്യമായിരുന്നത് ഓരോ സ്ഥലങ്ങളിലും ചെന്ന് ജനത്തെ അഭിസംബോധന ചെയ്ത് വാചികമായി സുവിശേഷം പ്രഘോഷിച്ചു കൊണ്ടായിരുന്നെങ്കിൽ, ഇന്ന് അത് മറ്റ് പല രീതികളിലൂടെയും വ്യത്യസ്തമായ സാമൂഹിക സമ്പർക്ക മാധ്യമങ്ങൾ ഉപയോഗിച്ചുകൊണ്ട് കൂടുതൽ ഫലപ്രദമായി നടത്തുവാൻ സാധിക്കും. അതിനാൽത്തന്നെ അങ്ങനെയുള്ള ആധുനിക സാമൂഹിക സമ്പർക്ക മാധ്യമങ്ങൾ ഉപയോഗിക്കുവാനുള്ള അവകാശവും കടമയും തിരുസഭയ്ക്കുണ്ട് എന്നതാണ് ഈ കാനോന വ്യക്തമാക്കുന്നത്.

അറുപതുവർഷങ്ങൾക്ക് മുമ്പ് "ഇന്തർ മിരിഫിക്ക" പുറത്തിറക്കിയ കാലഘട്ടവും മുപ്പത് വർഷം മുമ്പ് "പൗരസ്ത്യ കാനോന സംഹിത" പുറത്തിറക്കിയ കാലഘട്ടവും കഴിഞ്ഞ് സാമൂഹിക സമ്പർക്ക മാധ്യമങ്ങൾ ഡിജിറ്റൽ യുഗത്തിലും ഇന്റർനെറ്റ് യുഗത്തിലും നിർമ്മിത ബുദ്ധി (artificial intelligence) യുടെ യുഗത്തിലുമെത്തി നിൽക്കുന്ന ഇന്നത്തെ കാലഘട്ടത്തിൽ, ഇന്നത്തെ പൊതുബോധം രൂപപ്പെടുന്നത് ഓരോരുത്തർക്കും കിട്ടുന്ന അറിവിന്റെ അടിസ്ഥാനത്തിലാണെന്ന അവബോധം സഭാധികാരികൾക്കും തനയർക്കുമില്ലെങ്കിൽ, സഭാവിരുദ്ധശക്തികൾ നേരിട്ടോ അല്ലാതെയോ നടത്തുന്ന, ആധുനിക മാധ്യമങ്ങളുടെ എല്ലാവിധ സന്നാഹത്തോടും കൂടിയുള്ള ആസൂത്രിതമായ നുണപ്രചരണങ്ങളെ തടുക്കുവാൻ കത്തോലിക്കാ തിരുസഭയ്ക്കാവില്ല എന്നതിന്റെ ഉത്തമ ഉദാഹരണമാണ് സീറോ മലബാർ വിമതർ എറണാകുളം കേന്ദ്രമാക്കി ആവർത്തിച്ചാവർത്തിച്ചിറക്കിക്കൊണ്ടിരിക്കുന്ന മലീമസമായ നുണപ്രചരണങ്ങൾ. ഇങ്ങനെയുള്ള ചില നുണപ്രചരണങ്ങൾ ചെറുതായൊന്ന് അപഗ്രഥിക്കേണ്ടത് വസ്തുതകൾ ശരിയായി മനസ്സിലാക്കുന്നതിന് ആവശ്യമാണെന്ന് ഈ ലേഖകൻ കരുതുന്നു. അങ്ങനെയുള്ള ചില കുപ്രചരണങ്ങൾ താഴെ കൊടുത്തിരിക്കുന്നു:

***2.1 മാർത്തോമ്മാ ശ്ലീവാ മനിക്കേയനും മാറ്റി നിർത്തേണ്ടതുമോ?***

വിമതർ അടുത്തയിടയ്ക്ക് തെറ്റായ പൊതുബോധസൃഷ്ടിക്കായി ഗീബൽസിയൻ തന്ത്രത്തിലൂടെ ആവർത്തിച്ച് വിശ്വാസികളെ തെറ്റിദ്ധരിപ്പിക്കുവാനായി ശ്രമിക്കുന്ന ഒന്നാണ് മാർത്തോമ്മാ കുരിശ് ഒരു പാഷണ്ഡതയാണ് എന്നും അത് ഒഴിവാക്കേണ്ടതാണ് എന്നും മറ്റും. സീറോ മലബാർ സഭയുടെ, അഥവാ കേരള മാർത്തോമ്മാ ക്രിസ്ത്യാനികളുടെ, വിശ്വാസത്തിന്റെ അടയാളമായ, ഭക്തിപൂർവം നൂറ്റാണ്ടുകളായി വണങ്ങിക്കൊണ്ടിരിക്കുന്ന, ഈ അടയാളത്തെ അവഹേളിച്ച് ക്ലാവർ കുരിശെന്നും മറ്റും വിശേഷിപ്പിക്കുന്ന സീറോ മലബാർ തനയരുടെ പിന്നിൽ പ്രവർത്തിക്കുന്ന, അവരെ സ്പോൺസർ ചെയ്യുന്ന അദൃശ്യകരങ്ങൾ ഏത് അക്രൈസ്തവ ശക്തികളാണ് എന്ന് അനുമാനിക്കുവാൻ ഒരു പാഴൂർപടിപ്പുര വരെയൊന്നും പോകേണ്ടതില്ല എന്ന നിഗമനത്തിലെത്തുവാൻ ഈ ലേഖകന് അധികമൊന്നും ബുദ്ധിമുട്ടേണ്ടി വന്നില്ല. ഭാരതത്തിന്റെ അപ്പസ്തോലനായ മാർത്തോമ്മാശ്ലീഹായുടെ കബറിടത്തിൽ കാണപ്പെടുന്ന ഈ കുരിശ് അതിപുരാതനവും കേരളത്തിലങ്ങോളമിങ്ങോളം മാർത്തോമ്മാ നസ്രാണികളുടെ പള്ളികളിൽ, ആലങ്ങാട് മുതൽ മുട്ടുചിറവരെ കാണപ്പെട്ടു എന്നു മാത്രമല്ല, ആ ശ്ലീഹായുടെ മരണത്തിന്റെ 1900-ാമാണ്ടിന്റെ അനുസ്മരണത്തിന്റെ ഭാഗമായി,




അന്നത്തെ എറണാകുളം അതിരൂപതാധിപൻ കർദ്ദിനാൾ ജോസഫ് പാറേക്കാട്ടിലിന്റെ അക്ഷീണപരിശ്രമത്തിന്റെ ഫലമായി 1973 ൽ ഇന്ത്യൻ പോസ്റ്റൽ സർവീസ് മാർത്തോമ്മാ കുരിശ് ഒരു തപാൽ സ്റ്റാമ്പ് ആക്കി പുറത്തിറക്കിയ ചരിത്രസത്യവും നാമാരും മറന്നുകൂടാത്തതാണ്. മാർത്തോമ്മാ ശ്ലീവായെ മനിക്കേയനെന്നും ക്ലാവർ കുരിശെന്നും അവഹേളിക്കുന്നവർ ഇനി കർദ്ദിനാൾ ജോസഫ് പാറേക്കാട്ടിലിനെ മനിക്കേയ പാഷണ്ഡിയെന്നുംകൂടി വിളിക്കുമോ എന്നും സംശയിക്കേണ്ടിയിരിക്കുന്നു.

ഈ ലേഖനം എഴുതിക്കൊണ്ടിരിക്കുന്ന 2023 ജൂലൈ 20-ാം തീയതി, *സത്യദീപം* ഓൺലൈൻ 2023 ജൂലൈ 18-ാം തീയതി പ്രസിദ്ധീകരിച്ച "മത വിദ്വേഷ പ്രവർത്തനങ്ങളെ വത്തിക്കാൻ യുഎന്നിൽ അപലപിച്ചു" എന്ന വാർത്ത വായിക്കുവാനിടയായി. ആ ലേഖനത്തിന്റെ തുടക്കം ഇങ്ങനെയാണ്: "മതഗ്രന്ഥങ്ങൾ കത്തിക്കുന്നതുൾപ്പെടെ, ചില യൂറോപ്യൻ രാജ്യങ്ങളിലും മറ്റും നടന്നുവരുന്ന മത വിദ്വേഷ പ്രവർത്തനങ്ങളെ ഐക്യരാഷ്ട്രസഭയുടെ സമ്മേളനത്തിൽ വത്തിക്കാൻ പ്രതിനിധി ശക്തമായി അപലപിച്ചു. ഇസ്ലാമിക ആഘോഷങ്ങൾ നടന്ന ദിവസങ്ങളിൽ ചില സ്ഥലങ്ങളിൽ ഖുർആൻ കത്തിച്ചത് അങ്ങേയറ്റം അവഹേളനപരമാണെന്നത് വത്തിക്കാനെ പ്രതിനിധീകരിച്ച് മോൺ. ഡേവിഡ് പുറ്റ്സർ വ്യക്തമാക്കി. വിശ്വാസികളുടെ പവിത്രഗ്രന്ഥങ്ങളെ ബഹുമാനിക്കണമെന്നും സ്വാതന്ത്ര്യം മറ്റുള്ളവരെ നിന്ദിക്കാനുള്ള അനുമതിയായി കാണരുതെന്നും ഫ്രാൻസിസ് മാർപാപ്പ നിർദേശിച്ച കാര്യം വത്തിക്കാൻ പ്രതിനിധി ചൂണ്ടിക്കാട്ടി." നല്ലതുതന്നെ. എന്നാൽ കേരളത്തിൽ വിശുദ്ധ ബൈബിൾ കത്തിച്ച സംഭവത്തിൽ ഈ ധാർമ്മികരോഷവും പ്രതിഷേധവും എന്തുകൊണ്ടുണ്ടായില്ല എന്ന ചോദ്യവും ഇത്തരുണത്തിൽ പ്രസക്തമാണെന്ന് തോന്നുന്നു. ഇസ്ലാംമതത്തിന്റെ മാത്രമല്ല, എല്ലാ മതത്തിന്റെയും മതഗ്രന്ഥങ്ങൾ മാത്രമല്ല, മതചിഹ്നങ്ങൾ പോലും അനാദരവിനും അധിക്ഷേപങ്ങൾക്കും ഇടനൽകാതെ സംരക്ഷിക്കപ്പെടാൻ പൊതുസമൂഹം മുൻകൈയെടുക്കേണ്ടതുണ്ട്. അതിനു പറ്റിയ ഒരു പൊതുബോധ സൃഷ്ടിക്കായി സാമൂഹിക സമ്പർക്ക മാധ്യമങ്ങൾ വേണ്ടരീതിയിൽ ഉപയോഗിക്കുവാൻ സഭാനേതൃത്വവും സഭാതനയരും അമാന്തിച്ചുകൂടാ.

മാർത്തോമ്മാ കുരിശിനെ സംബന്ധിച്ച് സീറോ മലബാർ വിമതർ ഉയർത്തുന്ന മറ്റൊരു വാദമാണ് ചങ്ങനാശ്ശേരി അതിരൂപതയിൽ ഇപ്പോൾ ക്രൂശിതരൂപം അപ്രത്യക്ഷമായിരിക്കുന്നു എന്നത്. സത്യത്തിന്റെ മേലുള്ള ആസൂത്രിതമായ ഗീബൽസിയൻ ആക്രമണമായി മാത്രമേ അതിനെ കാണാനാവൂ. മാർത്തോമ്മാ നസ്രാണികൾ അവരുടെ പള്ളികളിലും വീടുകളിലും മാർത്തോമ്മാ കുരിശാണ് ഉദയംപേരൂർ സൂനഹദോസിന്റെ നാളുകളിൽവരെ ഉപയോഗിച്ചിരുന്നതെന്ന് ചരിത്രകാരന്മാർ ഒന്നടങ്കം സാക്ഷ്യപ്പെടുത്തുന്ന കാര്യമാണ്. എന്നാൽ, ലത്തീൻ സഭയുടെയും പാശ്ചാത്യ മിഷണറിമാരുടെയും അവരുടെ ദൈവശാസ്ത്രത്തിന്റെയും ഫലമായി സീറോ മലബാർ പള്ളികളിലും കാലക്രമേണ തൂങ്ങപ്പെട്ട രൂപമുള്ള കുരിശ് സ്ഥാനം പിടിക്കുകയുണ്ടായി. അങ്ങനെ ചങ്ങനാശേരി കത്തീഡ്രൽ പള്ളിയിൽ മദ്ബഹയിൽ സ്ഥാപിതമായ, ഒരുപക്ഷേ കേരളത്തിലെ തന്നെ ഒരു മദ്ബഹയിൽ കാണുന്ന, ഏറ്റവും വലിയ ക്രൂശിതരൂപം ഇന്നും അവിടെ നിലകൊള്ളുന്നുണ്ട്. എന്നാൽ മദ്ബഹ, സ്വർഗ്ഗത്തെ അഥവാ സ്വർഗ്ഗീയ ഓർസ്ലത്തെ സൂചിപ്പിക്കുന്നതിനാൽ, പുതുതായി പണിയുന്ന പള്ളികളിൽ, അഥവാ പുതുതായി നവീകരിക്കുന്ന മദ്ബഹകളിൽ, അതിരൂപതാ പോളിസി പ്രകാരം, സഭാപാരമ്പര്യമനുസരിച്ചുള്ള മാർത്തോമാ ശ്ലീവായാണ് പ്രതിഷ്ഠിക്കുക. എന്നാൽ, ക്രൂശിതരൂപത്തിനും ദേവാലയഘടനയിൽ സ്ഥാനം നൽകിയിട്ടുണ്ട്. സ്വർഗ്ഗത്തിൽ ഉത്ഥിതനായ ഈശോയെ ദർശിക്കുമ്പോൾ, ഭൂമിയിൽ നാം ക്രൂശിതനെ കാണുന്നു എന്നുള്ള ദൈവശാസ്ത്രവീക്ഷണമനുസരിച്ച് ദൈവാലയത്തിലെ ഇഹലോകത്തിന്റെ പ്രതീകമായ ഹൈക്കലായിലാണ് ക്രൂശിതരൂപം സ്ഥാപിക്കപ്പെടുന്നത് എന്നുമാത്രം. ഉത്ഥിതനിലുള്ള

വിശ്വാസം ക്രൂശിതനെ മറന്നല്ല എന്ന് സാരം. എന്നാൽ, കർത്താവിന്റെ ഉത്ഥാനത്തിന് കൂടുതൽ പ്രാധാന്യം നൽകുന്ന പൗരസ്ത്യ ദൈവശാസ്ത്ര വീക്ഷണം കല്ലറയിലവസാനിക്കുന്ന പാശ്ചാത്യ കുരിശിന്റെ വഴിയിലെ ദൈവശാസ്ത്ര വീക്ഷണത്തിൽനിന്ന് തുലോം വ്യത്യസ്തമാണെന്ന് പറയാതെ വയ്യ. കർത്താവ് ഉയിർത്തില്ലായിരുന്നുവെങ്കിൽ നമ്മുടെ വിശ്വാസം നിരർത്ഥകം എന്ന പൗലോസ് അപ്പസ്തോലന്റെ വചനം ഇത്തരുണത്തിൽ സ്മരണീയം തന്നെ.

### *2.2 ചങ്ങനാശ്ശേരി അതിരൂപത രണ്ടായിരാമാണ്ട് മുതൽ അർപ്പിച്ചിരുന്ന വിശുദ്ധ കുർബാന നിയമവിരുദ്ധമോ?*

എറണാകുളം വിമതരുടെ മറ്റൊരു കള്ളപ്രചരണമാണ്, ഇപ്പോൾ അവർ ചൊല്ലുന്ന ജനാഭിമുഖ ബലിയർപ്പണം നിയമവിരുദ്ധമാണെങ്കിൽ (unlawful), ചങ്ങനാശ്ശേരി അതിരൂപതയിൽ 1999 ലെ സിനഡിന്റെ തീരുമാനമായ 50:50 ഫോർമുല ലംഘിച്ചുകൊണ്ട് തുടർന്നുവന്ന, അഥവാ പുനരാരംഭിച്ച അൾത്താരാഭിമുഖമായ വിശുദ്ധ കുർബാനയർപ്പണരീതി നിയമവിരുദ്ധമായിരുന്നു എന്നത്. തുടർന്ന് അവരുടെ വാദഗതി, ചങ്ങനാശ്ശേരിക്കാർക്ക് ഇരുപത്തിരണ്ട് വർഷത്തോളംകാലം നിയമവിരുദ്ധമായി വിശുദ്ധ കുർബാന അർപ്പിക്കാമെങ്കിൽ, തങ്ങൾക്കും അതുതന്നെ ചെയ്യാം എന്നത്. തികച്ചും തെറ്റിദ്ധാരണാജനകവും അസത്യങ്ങളും അർത്ഥസത്യങ്ങളും നിറഞ്ഞതുമാണ് ഈ കുപ്രചരണം എന്ന് പറയാതെ വയ്യ. ഒന്നാമതായി, ചങ്ങനാശ്ശേരിയിലെ എല്ലാ പള്ളികളിലും സിനഡിന്റെ തീരുമാനത്തിന് ശേഷം, ആ തീരുമാനത്തെ അവഗണിച്ചുകൊണ്ട് പൂർണമായ അൾത്താരാഭിമുഖ ബലിയർപ്പണം തുടർന്നില്ല. ഈ ലേഖകന്റെ അറിവ് ശരിയാണെങ്കിൽ, സിനഡിന്റെ നിർദ്ദേശാനുസരണമുള്ള 50:50 ഫോർമുല എല്ലാ ഇടവകകളും ആരംഭിക്കുകയുണ്ടായി. കാലക്രമേണ, ചില ഇടവകകൾ, പൂർണമായ അൾത്താരാഭിമുഖ ബലിയർപ്പണ രീതിയിലേക്ക് തിരിച്ചുപോവുകയാണുണ്ടായത്. അതിന് പ്രധാനമായും നാല് കാരണങ്ങളാണ് ഉണ്ടായിരുന്നതെന്ന് കാണപ്പെടുന്നു: ഒന്നാമതായി, തങ്ങൾക്ക് പ്രിയങ്കരമായിരുന്നതും എല്ലാ പൗരസ്ത്യസഭകളിലും പരമ്പരാഗതമായി കാണപ്പെടുന്നതും പൗരസ്ത്യ ദൈവശാസ്ത്രവീക്ഷണത്തോട് ഏറ്റവും ചേർന്ന് നിൽക്കുന്നതുമായ അൾത്താരാഭിമുഖമായ (ad Orientem) ബലിയർപ്പണ രീതിയിൽനിന്ന് 50:50 രീതിയിലേക്ക് മാറാൻ അവർ സമ്മതിച്ചത് ഒരു ഏകീകൃത ബലിയർപ്പണരീതി സീറോ മലബാർ സഭ മുഴുവനും നടന്നുകാണുവാനുള്ള അദമ്യമായ ആഗ്രഹം മൂലമായിരുന്നു. എന്നാൽ, എറണാകുളം-അങ്കമാലി തുടങ്ങി ഭൂരിപക്ഷ രൂപതകളും സിനഡ് നിർദ്ദേശിച്ച ഏകീകൃത അർപ്പണരീതി, നിയമവിരുദ്ധമായി വത്തിക്കാൻ പ്രഖ്യാപിച്ച ഡിസ്പെൻസേഷന്റെ പേരിൽ, ഉപേക്ഷിച്ചപ്പോൾ അവരും തങ്ങളുടെ പരമ്പരാഗത രീതിയിലേക്ക് തിരിച്ചുപോവുകയാണുണ്ടായത്. രണ്ടാമതായി, സിനഡിന്റെ തീരുമാനം നൈയാമികമായ രീതിയിൽ നടപ്പിൽ വരുത്തുന്നതിൽ സിനഡിനുണ്ടായ പരാജയം തന്നെ. പൗരസ്ത്യ കാനോന സംഹിതയിലെ മൂന്നാം കാനോനയനുസരിച്ച് ആരാധനക്രമസംബന്ധിയായ നിയമങ്ങൾ ആരാധനക്രമ പുസ്തകങ്ങളിലാണ് കാണുന്നത്. അവ അനുസരിക്കുവാൻ എല്ലാവരും കടപ്പെട്ടിരിക്കുന്നു. എന്നാൽ 1999 ലെ സിനഡിന്റെ തീരുമാനം നടപ്പിൽ വരുത്തുന്നതിന്റെ ഭാഗമായി ആ നിയമങ്ങൾ ഉൾപ്പെടുത്തി ആരാധനക്രമഗ്രന്ഥങ്ങൾ മുദ്രണം ചെയ്യുവാൻ സിനഡോ, മേജർ ആർച്ച് ബിഷപ്പോ തയ്യാറായില്ല. അതിനാൽ, ചങ്ങനാശ്ശേരി അതിരൂപതയിൽ പൂർണ്ണ അൾത്താരാഭിമുഖ കുർബാനയർപ്പണം നടത്തിയിരുന്നവർ, അന്ന് നിലവിലിരുന്ന, പിൻവലിക്കാത്ത, തക്സയിലെ നിർദ്ദേശങ്ങൾ അനുസരിച്ച് തന്നെയാണ് വിശുദ്ധ കുർബാനയർപ്പിച്ച് പോന്നത്. അതിനാൽ തന്നെ, അത് നിയമവിരുദ്ധമെന്ന് വിശേഷിപ്പിക്കാനാവില്ല. മൂന്നാമതായി, 1488-ാം കാനോനയനുസരിച്ച്, "നിയമങ്ങൾ പ്രാബല്യത്തിൽ വരുന്നത് വിളംബരംവഴിയാണ്" (Laws are established by promulgation). എന്നാൽ, സിനഡിന്റെ 1999 നവംബർ 14 മുതൽ 20 വരെയുള്ള രണ്ടാം സെഷനിലെ 50:50 ഫോർമുല സംബന്ധിയായ തീരുമാനം പരിശുദ്ധ സിംഹാസനത്തിന്റെ അംഗീകാരത്തിനുശേഷം മേജർ ആർച്ച് ബിഷപ്പ് വർക്കി വിതയത്തിൽ, വിളംബരം ചെയ്ത് നടപ്പിൽ വരുത്തുക എന്ന നൈയാമിക നടപടി കൈക്കൊള്ളുകയുണ്ടായതായി കാണപ്പെടുന്നില്ല. നാലാമതായി, വത്തിക്കാനിലെ പൗരസ്ത്യ തിരുസംഘം ഈ തീരുമാനത്തിന് nulla osta നൽകിയ 1999 ഡിസംബർ 17-ാം തീയതിയിലെ കത്തിൽ പറയുന്നത് ബേമ്മയുള്ള പരിഷ്കരിച്ച പള്ളികളിൽ, വചനശുശ്രൂഷ ജനാഭിമുഖമാക്കേണ്ടതില്ല എന്നാണ് (cf. Thomas Mannooramparampil, *History of Syro-Malabar Qurbana* (Cochin: Nazrani Foundation, 2022, page 653). അതിനാൽ ചങ്ങനാശ്ശേരി അതിരൂപതയിലുൾപ്പെടെ, മുഴുവൻ അൾത്താരഭിമുഖമായി വിശുദ്ധകുർബാനയർപ്പണം തുടർന്നവർ നിയമലംഘനം നടത്തിയതായി പറയുവാനാവില്ല. എന്നാൽ, ആ 50:50 തീരുമാനത്തിനുശേഷം പൂർണ്ണമായി ജനാഭിമുഖബലിയർപ്പണം തുടർന്നവർ ചെയ്തത് നിയമവിരുദ്ധമെന്നുതന്നെ പറയേണ്ടിവരും. കാരണം, അവർ അംഗീകരിച്ച തക്സയിലെ നിർദേശങ്ങൾക്ക് വിരുദ്ധമായാണ് അങ്ങനെ ബലിയർപ്പിച്ചിരുന്നത്. രണ്ടാമതായി, 1538-ാം കാനോനയനുസരിച്ചുള്ള

ഡിസ്പെൻസേഷൻ കൊടുക്കുവാനുള്ള തക്കതായ കാരണമില്ലാതെ, നിയമവിരുദ്ധമായി കൊടുത്ത പൊതുഇളവ് ഉപയോഗിച്ചാണ് അവർ അങ്ങനെ ബലിയർപ്പിച്ചുപോന്നത്. എന്നാൽ, അങ്ങനെയുള്ള നിയമവിരുദ്ധ ബലിയർപ്പണങ്ങൾ അന്നും ഇന്നും ആ ബലിയർപ്പണങ്ങളെ അസാധുവാക്കുന്നില്ല. കാരണം, ഒരു ബലിയർപ്പണം അസാധുവാണോ അല്ലയോ എന്ന് തീരുമാനിക്കാനുള്ള അധികാരം സഭയുടെ പരമാധികാരത്തിന്, അതായത് മാർപാപ്പയ്ക്കും മെത്രാൻ സംഘത്തിനും (cf. CCEO cc. 669, 42-50) മാത്രമുള്ളതാണ്. അതിനാൽത്തന്നെ, ഗോതമ്പപ്പവും മുന്തിരി വീഞ്ഞുമുപയോഗിച്ചുകൊണ്ട് വിശുദ്ധ കുർബാന യർപ്പിക്കുക എന്ന ഉദ്ദേശത്തോടെ കത്തോലിക്കാസഭയുടെ ബലിയർപ്പണലക്ഷ്യംതന്നെ സ്വന്തം ലക്ഷ്യമായി കരുതിക്കൊണ്ട്, കത്തോലിക്കാ പൗരോഹിത്യം സ്വീകരിക്കുകയും പൗരോഹിത്യാന്തസ്സ് നഷ്ടപ്പെടാതിരിക്കുകയോ, വലിയ മഹറോൻ ശിക്ഷയ്ക്ക് വിധേയനാകാതെയിരിക്കുകയോ ചെയ്ത ഒരാൾ, കൂദാശാവചനങ്ങൾ ഉച്ചരിച്ച് അർപ്പിക്കുന്ന ഒരു കുർബാനയെ സാധുവായി മാത്രമേ പരിഗണിക്കാനാവൂ - മറ്റ് ഏതെങ്കിലുമൊക്കെ കുറവുകളോ നിയമലംഘനങ്ങളുമോ ഉണ്ടെങ്കിൽപ്പോലും. അതുപോലെതന്നെ, ഉത്തമബോധ്യത്തോടെ, തങ്ങളുടെ ബലിയർപ്പണം നിയമാനുസൃതമെന്ന് കരുതിക്കൊണ്ട് ജനാഭിമുഖ ബലിയർപ്പണം നടത്തിയവർ ചെയ്ത തെറ്റ് അജ്ഞതമൂലമായതിനാൽ, ഗൗരവമായ തെറ്റായി കരുതേണ്ടതുമില്ല - അജ്ഞത നിയമാനുസരണത്തിൽനിന്ന് ആർക്കും ഒഴിവ് നൽകുന്നില്ലെങ്കിൽപ്പോലും (cf. CCEO c. 1497). കൂടാതെ, അക്കാലയളവിൽ പരിശുദ്ധ സിംഹാസനത്തിൽനിന്നുള്ള ഡിസ്പെൻസേഷൻ സംബന്ധിച്ചുള്ള വ്യക്തമായ തീരുമാനമോ പഠനമോ വന്നിരുന്നില്ല എന്നതും സീറോ-മലബാർ കാനൻ നിയമവിദഗ്ദ്ധരിൽ ഭൂരിഭാഗവും ഇങ്ങനെ ഡിസ്പെൻസേഷൻ കൊടുക്കാമെന്നുള്ള അഭിപ്രായക്കാരായിരുന്നതിനാലുണ്ടായ അബദ്ധധാരണയും (error of judgement) അവരുടെ തെറ്റിന്റെ കാഠിന്യം കുറയ്ക്കുന്നതാണ്.

### *2.3 ചങ്ങനാശ്ശേരി വൈദികരുടെ സിനഡ് വിരുദ്ധ നിലപാട് നിയമാനുസൃതമോ നിയമവിരുദ്ധമോ?*

എറണാകുളം വിമതരുടെ മറ്റൊരു കുപ്രചരണമാണ് സിനഡിന്റെ തീരുമാനങ്ങൾക്കെതിരെ ചങ്ങനാശ്ശേരി വൈദികർ മാർ കാട്ടുമനയുടെ കാലഘട്ടത്തിൽ മീറ്റിംഗുകൾ സംഘടിപ്പിച്ചുവെന്നത്. എന്നാൽ, അതിനുപോൽബലകമായി അവർക്കുള്ള തെളിവ് *മാതൃഭൂമി* പത്രത്തിൽ വന്ന ഒരു വാർത്ത മാത്രവും. കത്തോലിക്കാസഭാസംബന്ധിയായ വാർത്തകൾ വക്രീകരിക്കാതെ പ്രസിദ്ധീകരിക്കുന്ന ഒരു ദിനപത്രമായി *മാതൃഭൂമി*യെ കരുതാനാവുമെന്ന് വിശ്വസിക്കുന്നവർ അംഗുലീപരിമിതമായിരിക്കും എന്നാണ് ഈ ലേഖകന്റെ പക്ഷം. ഇവിടെ പ്രത്യേകം പ്രസ്താവ്യമായ മറ്റൊരു വസ്തുത, മാർ കാട്ടുമനയുടെ കാലഘട്ടത്തിൽ ലിറ്റർജി സംബന്ധിയായ കാര്യങ്ങളിൽ തീരുമാനമെടുക്കുവാനുള്ള അധികാരം സീറോ മലബാർ സിനഡിന് മാർപാപ്പ നൽകിയിരുന്നില്ല എന്നതാണ്. സിനഡിനില്ലാതിരുന്ന അധികാരം ഉപയോഗിക്കുവാനുള്ള ശ്രമം നടന്നിട്ടുണ്ടെങ്കിൽ അത് നിയമവിരുദ്ധമാണ്. ആ വിവരം പരിശുദ്ധ സിംഹാസനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തുവാൻ ചങ്ങനാശ്ശേരിയിലെ ചില വൈദികർ അവരുടെ ഒരു സമ്മേളനത്തിൽ തീരുമാനമെടുത്തുവെങ്കിൽ അത് അനുസരണക്കേടല്ല എന്നതും വ്യക്തം. അത് സഭയുടെ പരമാധികാരത്തെ അനുസരിക്കുന്നതും നിയമവാഴ്ച (rule of law) യെ പ്രോത്സാഹിപ്പിക്കുന്നതും തന്നെ; നിശ്ചയം.

### 3. മീഡിയാകമ്മീഷനും സാമൂഹിക സമ്പർക്ക മാധ്യമ സ്ഥാപനങ്ങളും

സാമൂഹിക സമ്പർക്ക മാധ്യമങ്ങളുടെ പ്രാധാന്യത്തെപ്പറ്റിയുള്ള രണ്ടാം വത്തിക്കാൻ കൗൺസിലിന്റെയും കാനൻ നിയമങ്ങളുടെയും ചുവടുപിടിച്ച് ഇന്ന് സീറോ-മലബാർ സഭയിലുൾപ്പെടെ പ്രവർത്തിച്ചുവരുന്ന ഒന്നാണ് മീഡിയാകമ്മീഷൻ.



എന്നാൽ മീഡിയാകമ്മീഷന്റെ ദൗത്യം അഭിവന്ദ്യ പിതാക്കന്മാരുടെ പിറന്നാൾ, സ്വർഗ്ഗീയമദ്ധ്യസ്ഥന്റെ തിരുനാൾ എന്നീ ദിവസങ്ങളിൽ ആശംസകളർപ്പിക്കുന്നതിലും ചില അനുശോചന സന്ദേശങ്ങൾ പ്രസിദ്ധീകരിക്കുന്നതിലും മാത്രമായി ഒതുങ്ങിനിൽക്കുന്നതല്ല; പ്രത്യുത ഡോക്ക്ട്രെനൽ കമ്മീഷൻ, ലിറ്റർജിക്കൽ കമ്മീഷൻ തുടങ്ങിയവയുമായും കാനൻനിയമപണ്ഡിതരുമായും കൂടിയാലോചനകൾ നടത്തി, ആർജ്ജവത്തോടെ, സമയാസമയങ്ങളിൽ, ശരിയായ പൊതുബോധനിർമ്മിതിക്കുതകുന്ന രീതിയിൽ, വേണ്ട വിശദീകരണങ്ങൾകൊണ്ട് സഭാശത്രുക്കളുടെ ഗീബൽസിയൻ തന്ത്രങ്ങളെ ചെറുക്കുക കൂടിയായിരിക്കണം. പൗരസ്ത്യ കാനോന സംഹിതയിലെ 652-ാം കാനോനയുടെ ഒന്നാം ഖണ്ഡിക ഇങ്ങനെ നിഷ്കർഷിച്ചിരിക്കുന്നു: "മാധ്യമങ്ങളെ നിരൂപണാത്മകമായും ഉപകാരപ്രദമായും ഉപയോഗിക്കുന്നതിന് ക്രൈസ്തവ വിശ്വാസികളെ പ്രബുദ്ധരാക്കുവാൻ സാമൂഹിക സമ്പർക്ക സ്ഥാപനങ്ങളുടെ സഹായത്തോടെ രൂപതാ മെത്രാന്മാർ ശ്രദ്ധിക്കേണ്ടതാണ്. ഇത്തരം സ്ഥാപനങ്ങൾ തമ്മിലുള്ള സഹകരണത്തെ പ്രോത്സാഹിപ്പിക്കേണ്ടതും, വിദഗ്ദ്ധരുടെ രൂപവത്കരണം ഉറപ്പുവരുത്തേണ്ടതുമാണ്. നല്ല സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കുകയും നല്ല പുസ്തകങ്ങളെ അഭിനന്ദിക്കുകയും അനുഗ്രഹാശിസ്സുകൾ നൽകുകയും ചെയ്യേണ്ടതാണ്. തിന്മയെ കുറ്റം വിധിക്കുകയും ശപിച്ചുതള്ളുകയും ചെയ്യുക എന്നതിനേക്കാൾ കൂടുതൽ ഫലപ്രദമാണ് ഈ നയം." "തിന്മയെ കുറ്റം വിധിക്കുകയും ശപിച്ചു തള്ളുന്നതിനും" പകരം ഭാവാത്മകവും ക്രിയാത്മകവുമായി സത്യവിശ്വാസം വിശ്വാസികളെ പഠിപ്പിക്കുവാനും സഭാശത്രുക്കളുടെ ദുഷ്പ്രചരണങ്ങൾക്ക് പൊതുസമൂഹത്തിൽ വിശ്വാസ്യത കൈവരാത്ത രീതിയിൽ മുഴുവൻ സത്യവും അനുവാചകർക്ക് ബോധ്യംവരുന്ന രീതിയിൽ പ്രഘോഷിക്കുവാനും പ്രചരിപ്പിക്കുവാനുമുള്ള മീഡിയാകമ്മീഷൻ പോലുള്ള സഭാസംവിധാനങ്ങളുടെ കടമയെപ്പറ്റിയാണ് ഇവിടെ ഈ കാനോന സൂചിപ്പിക്കുന്നത്. എറണാകുളം-അങ്കമാലി പ്രതിസന്ധിയുടെ പശ്ചാത്തലത്തിൽ ചിന്തിച്ചാൽ, വിമതർക്കുവേണ്ടി യാതൊരു ലജ്ജയുമില്ലാതെ അസത്യങ്ങളും അർത്ഥസത്യങ്ങളും ദിവസേന ആവർത്തിച്ചു കൊണ്ടിരിക്കുന്ന യൂട്യൂബ് ചാനലുകൾ നിരവധി; അതുപോലെതന്നെ, സഭയുടെ ഔദ്യോഗിക പക്ഷത്താണെന്ന് തോന്നിപ്പിക്കുമ്പോൾ പോലും സഭയുടെ നന്മയ്ക്കായാണോ എന്ന് സംശയിക്കുന്ന രീതിയിൽ കലക്കവെള്ളത്തിൽ മീൻ പിടിക്കാനിറങ്ങിയിരിക്കുന്ന കുറെ ചാനലുകൾ മറുവശത്ത്. ഇങ്ങനെ കലങ്ങിമറിഞ്ഞു കിടക്കുന്ന അന്തരീക്ഷത്തിൽ സഭയുടെ സ്വരം സഭാതനയരെ അറിയിക്കുവാൻ ഒരു യൂട്യൂബ് ചാനൽ പോലുമില്ലല്ലോ എന്ന് വിലപിക്കുക മാത്രമേ ഇന്ന് കരണീയം. ഷെക്കീന ചാനലിന്റെ പ്രശംസനീയമായ പ്രവർത്തനങ്ങൾ വിസ്മരിച്ചുകൊണ്ടല്ല ഇത് എഴുതുന്നത്.

**4. നടപടിയെടുക്കുവാനുള്ള അവകാശവും കടമയും (cf. CCEO c. 652, §2)**

പൗരസ്ത്യ കാനോനസംഹിതയിലെ 652-ാം കാനോനയുടെ രണ്ടാം ഖണ്ഡിക ഇങ്ങനെ വ്യക്തമാക്കുന്നു: "വിശ്വാസസത്യങ്ങളുടെയും ധാർമ്മിക മൂല്യങ്ങളുടെയും അന്തഃസത്തയെ കാത്തുസൂക്ഷിക്കുന്നതിനുവേണ്ടി, ഇതിന് അപകടം വരുത്തുന്ന സാമൂഹിക സമ്പർക്ക മാധ്യമങ്ങൾ ക്രൈസ്തവ വിശ്വാസികൾ ഉപയോഗിക്കുന്നതോ മറ്റുള്ളവർക്ക് കൈമാറുന്നതോ നിരോധിക്കുവാൻ രൂപതാമെത്രാനും പാത്രിയാർക്കൽ സഭയിലെ മെത്രാൻമാരുടെ സിനഡിനും മേലദ്ധ്യക്ഷന്മാരുടെ സമിതിക്കും ശ്ലൈഹികസിംഹാസനത്തിനും അധികാരമുണ്ട്." മറ്റൊരു വാക്കിൽ പറഞ്ഞാൽ, കത്തോലിക്കാസഭയെ നശിപ്പിക്കുവാൻ മറ്റുള്ളവരിൽനിന്നും അച്ചാരവുംവാങ്ങി ഇറങ്ങിത്തിരിച്ചിരിക്കുന്നവരുടെ കുപ്രചരണങ്ങളെ നിസ്സഹായതയോടെ കൈയുംകെട്ടി നോക്കി നിൽക്കുകയല്ല സഭാനേതൃത്വം ചെയ്യേണ്ടത്. നിയമത്തിന്റെ സർവശക്തിയും സംഭരിച്ച് അവരെ നിലയ്ക്ക് നിർത്തുവാനും നേർവഴിക്ക് കൊണ്ടുവരുവാനും അതിന് തയ്യാറാവാത്തവരെ 1406-ാം കാനോനയിൽ പ്രതിപാദിച്ചിട്ടുള്ള ശിക്ഷ ചുമത്തുമെന്നുള്ള ഭീഷണി (penal precept) അടങ്ങിയ വ്യക്തിഗതമായ പ്രമാണം നൽകി ശിക്ഷാ നടപടികളിലേക്ക് കടക്കുവാനുള്ള സഭാനേതൃത്വത്തിന്റെ ഉത്തരവാദിത്വത്തിൽനിന്നും അവർക്ക് ഒഴിഞ്ഞുമാറാനാവില്ല എന്നാണ് ഈ കാനോന സൂചിപ്പിക്കുന്നത്. സ്തുത്യർഹമായതേത്, അംഗീകാരം ഉള്ളതേത്, വർജ്ജ്യമായത് ഏത്? എന്നിങ്ങനെയുള്ള കാര്യങ്ങളിൽ മനുഷ്യന് മനസ്സിലാകുന്ന ഭാഷയിൽ വ്യക്തമായ ഉത്തരങ്ങൾ നൽകുവാൻ താമസം വിനാ നമ്മുടെ മീഡിയാകമ്മീഷന് സാധിക്കട്ടെ എന്ന് ആശംസിക്കുന്നു.

**ഉപസംഹാരം**

സാമൂഹിക സമ്പർക്ക മാധ്യമങ്ങളുടെ ഉപയോഗത്തെപ്പറ്റിയുള്ള പൗരസ്ത്യ കാനോനസംഹിതയിലെ പതിനാറ് കാനോനകളിൽ രണ്ടെണ്ണം മാത്രം ഉദ്ധരിച്ചുകൊണ്ടെഴുതിയതാണീ ലേഖനം. വിസ്താരഭയംമൂലം മറ്റു കാനോനകളുടെ വിശകലനം വേറൊരു അവസരത്തിലാകാമെന്ന് ചിന്തിക്കുന്നു. ഈ ലേഖനം അനുവാചകരിൽ ഈ വിഷയത്തിൽ അല്പം കൂടി താല്പര്യമുളവാക്കിയാൽ ഈ ലേഖകൻ കൃതാർത്ഥനായി. ഇത്തരുണത്തിൽ വി. പൗലോസ് ശ്ലീഹാ തിമോത്തിക്കെഴുതിയതാണ് നാം ഓർക്കേണ്ടത്: "ആരെങ്കിലും ഇതിൽനിന്ന് വ്യത്യസ്തമായി പഠിപ്പിക്കുകയോ, നമ്മുടെ കർത്താവായ യേശു

ക്രിസ്തുവിന്റെ യഥാർത്ഥ വചനങ്ങളോടും ദൈവഭക്തിക്ക് ചേർന്ന പ്രബോധനങ്ങളോടും യോജിക്കാതിരിക്കുകയോ ചെയ്താൽ, അവൻ അഹങ്കാരിയും അജ്ഞനുമാണ്. എല്ലാറ്റിനെയും ചോദ്യം ചെയ്യാനും വാക്കുകളെച്ചൊല്ലി തർക്കിക്കാനുമുള്ള ദുർവാസനയ്ക്ക് വിധേയനാണവൻ. ഇതിൽനിന്ന് അസൂയയും വഴക്കും അപവാദവും ദുസ്സംശയങ്ങളും ഉണ്ടാകുന്നു. ദുഷിച്ച മനസ്സുള്ളവരും സത്യബോധമില്ലാത്തവരും ദൈവഭക്തി ധനലാഭത്തിനുള്ള മാർഗമാണെന്നും കരുതുന്നവരുമായ മനുഷ്യർ തമ്മിലുള്ള തുടർച്ചയായ വാദകോലാഹലങ്ങളും ഇതിന്റെ ഫലമത്രേ" (1 തിമോ 6:3-5). എറണാകുളം- അങ്കമാലി വിവാദങ്ങളുടെ പശ്ചാത്തലത്തിൽ പൗലോസിന്റെ ഈ മുന്നറിയിപ്പ് കൂടുതൽ പ്രസക്തമായിക്കൊണ്ടിരിക്കുന്നു എന്നതാണ് ഈ ലേഖകന്റെ മതം.

വിശുദ്ധ മത്തായിയുടെ സുവിശേഷം ഇരുപത്തിനാലാം അധ്യായത്തിൽ കർത്താവ് ഇങ്ങനെ ഓർമിപ്പിക്കുന്നു: "നിരവധി വ്യാജപ്രവാചകന്മാർ പ്രത്യക്ഷപ്പെട്ട് അനേകരെ വഴിതെറ്റിക്കും. അധർമ്മം വർദ്ധിക്കുന്നതിനാൽ പലരുടേയും സ്നേഹം തണുത്തുപോകും. എന്നാൽ അവസാനംവരെ സഹിച്ചു നിൽക്കുന്നവൻ രക്ഷിക്കപ്പെടും" (മത്താ 24:11-12). അപ്പോൾ നാം ഓർക്കേണ്ടത് പൗലോസ് ശ്ലീഹാ റോമ്മാക്കാരെ ഓർമ്മിപ്പിച്ച കാര്യമാണ്: "സഹോദരരെ, നിങ്ങൾ പഠിച്ച തത്വങ്ങൾക്ക് വിരുദ്ധമായി പിളർപ്പുകളും ദുർമാതൃകകളും ഉണ്ടാക്കുന്നവരെ ശ്രദ്ധിച്ചുകൊള്ളണമെന്ന് ഞാൻ നിങ്ങളോട് അപേക്ഷിക്കുന്നു. അവരെ നിരാകരിക്കുവിൻ. അങ്ങനെയുള്ളവർ നമ്മുടെ കർത്താവായ ക്രിസ്തുവിനെയല്ല, തങ്ങളുടെതന്നെ ഉദരങ്ങളെയാണ് ശുശ്രൂഷിക്കുന്നത്. ആകർഷകമായ മുഖസ്തുതി പറഞ്ഞ് അവർ സരളചിത്തരെ വഴിപിഴപ്പിക്കുന്നു" (റോമാ 16:17-18). സഭാധികാരികളോട്, മാർപാപ്പയോട്, മേജർ ആർച്ച് ബിഷപ്പിനോട്, മെത്രാൻസിനഡിനോട് മറുതലിക്കുന്നവരെ നിരാകരിക്കണം എന്നുതന്നെയാണ് വി. പൗലോസ് ഇവിടെ വിശ്വാസികളെ ഓർമ്മിപ്പിക്കുന്നത്. ഉദരപൂരണത്തിനായി എറണാകുളത്ത് കുളംകലക്കുവാൻ താമരശ്ശേരിയിൽ നിന്നെത്തിയവരും അതേ നാട്ടിലുള്ളവരും തനി നാടനും സുതാര്യ സമിതിയുമെല്ലാം ഒരു നാണയത്തിന്റെ രണ്ടുവശങ്ങൾ മാത്രമായി മാറുകയും അവരുടെയെല്ലാം പൊതു അജണ്ഡ, കത്തോലിക്കാസഭയ്ക്കും വിശ്വാസത്തിനുമെതിരായ ഒരു പൊതുബോധനിർമ്മിതിയായി മാറുകയും ചെയ്തുകൊണ്ടിരിക്കുന്ന ഇക്കാലയളവിൽ, റോക്കോസ് ശീശ്മയുടെ കാലഘട്ടത്തിൽ ശീശ്മയിൽപ്പെട്ട ദേവാലയങ്ങളെ സത്യവിശ്വാസത്തിലേക്ക് തിരിച്ചുകൊണ്ടുവരുവാൻ ഇടവകകൾതോറും കയറിയിറങ്ങി പ്രസംഗിച്ച വി. ചാവറ കുര്യാക്കോസ് ഏലിയാസച്ചനെപ്പോലെ, ദിവാൻ സർ സിപിയുടെ പ്രൈവറ്റ് പ്രൈമറി സ്കൂൾ ദേശസാത്കരണശ്രമത്തിനെതിരെ തന്റെ 1945 ഓഗസ്റ്റ് 15-ാം തീയതിയിലെ ഇടയലേഖനത്തിലൂടെ ഗർജ്ജിച്ച അഭിവന്ദ്യ ജയിംസ് കാളാശ്ശേരി പിതാവിനെപ്പോലെ, നാസി (Nazi) കളുടെ ക്രൂരതയ്ക്കെതിരെ 1937 മാർച്ച് 10-ാം തീയതി 'Mit Brennender Sorge' എന്ന പേരിൽ ചാക്രീകലേഖനമെഴുതിയ പതിനൊന്നാം പീയൂസ് മാർപാപ്പയെപ്പോലെ, വ്യാജപ്രവാചകന്മാർക്കും അനീതിക്കും അക്രമങ്ങൾക്കുമെതിരായി സർവശക്തിയും സംഭരിച്ചുകൊണ്ട് ശബ്ദമുയർത്തുവാൻ, എല്ലാവിധ ആധുനിക സാമൂഹിക സമ്പർക്ക മാധ്യമങ്ങളും ഉപയോഗിച്ച് പടപൊരുതുവാൻ, സത്യവിശ്വാസം സംരക്ഷിക്കുവാൻ, സഭയുടെ പഠനങ്ങൾ ഉയർത്തിപ്പിടിക്കുവാൻ, സഭയുടെ തനിമയും വ്യതിരിക്തതയും സംരക്ഷിക്കുവാൻ, മണിപ്പൂരിലെയും ഛത്തീസ്ഗഡ് തുടങ്ങിയ മറ്റു സ്ഥലങ്ങളിലെയും ക്രൈസ്തവ മതമർദ്ദനങ്ങൾക്കെതിരെ ശബ്ദമുയർത്താൻ, കേരളത്തിൽതന്നെ ഇപ്പോൾ പലപ്പോഴും കാണപ്പെടുന്ന ക്രൈസ്തവവിശ്വാസികൾക്കെതിരായ വിവേചനങ്ങൾക്കെതിരായി പൊതുബോധം ഉയർത്തുവാൻ; ഇങ്ങനെയുള്ള ദൗത്യങ്ങൾ ആർജവത്തോടെ നിർവഹിക്കുവാൻ സഭാനേതൃത്വത്തിനും സഭാതനയർക്കും ഒരുപോലെ ഉത്തരവാദിത്വമുണ്ടെന്നത് നമുക്ക് മറക്കാതിരിക്കാം. ❍

